**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 183 11-06-12 ൽ മറുപടിക്ക്**

**കാരുണ്യ ബെനവലന്റ് പദ്ധതി**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.അയിഷാ പോറ്റി : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ലോട്ടറി വകുപ്പിന്റെ കീഴിൽ കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്ന ഒരു പദ്ധതിയാണിത്.<br><br>• ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കും<br>• വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള കുടുംബത്തിന് ഈ സാഹായം ലഭിക്കും<br>• സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ചികിത്സ തേടുന്ന രോഗികൾക്ക് മാത്രമേ ഇപ്പോൾ ധനസഹായം ലഭ്യമുള്ളൂ.<br>• ഹൃദ്രോഗം, ക്യാൻസർ, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗത്തിലുള്ള ചികിത്സ എന്നിവയ്ക്ക് മാത്രമേ ചികിത്സാ ധനസഹായം ലഭിക്കുകയുള്ളൂ<br><br>മുൻകാല ചികിത്സയ്ക്ക് ധനസഹായം ലഭ്യമല്ല. നിലവിൽ അാശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിവരുന്നവർക്കും , ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് സർജറി ഉൾപ്പെടെയുള്ള ചികിത്സ നടത്തേണ്ടവർക്കും ചികിത്സാ ധനസഹായം ലഭിക്കും. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്കായി അപേക്ഷിക്കുന്നതിന്റെ മാതൃകാഫോറം പ്രസിദ്ധപ്പെടുത്തുമോ ; | (ബി) | അപേക്ഷ ഫാറത്തിന്റെ മാതൃക www.keralalotteries.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭിക്കുമോ ; ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടേണ്ടിവരുന്ന നിർദ്ധനർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്നവർക്ക് ഇപ്പോൾ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ് |

സെക്ഷൻ ഓഫീസർ